പതിനാലാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1373 — 31/10/2019 മറുപടിയ്ക്ക്

## നാഷണൽ സർവ്വീസ് സ്കീം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ | | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്കൂളുകളിൽ നിലവിൽ നാഷണൽ സർവ്വീസ് സ്കീം പ്രവർത്തിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലോ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലോ നാഷണൽ സർവ്വീസ് സ്കീം പ്രവർത്തിക്കുന്നതിന് നിയന്ത്രണമില്ല. |
| (ബി) | പ്രസ്തുത സ്കീം പ്രവർത്തിപ്പിക്കുന്നതിനായി ഈ സർക്കാർ ഓരോ വർഷവും എത്ര തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ നാഷണൽ സർവ്വീസ് സ്കീം ഗ്രാന്റ് നൽകുന്നത് കേന്ദ്ര സർക്കാരാണ്.<br>വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ 2018-19 വർഷത്തിലേയ്ക്ക് നാഷണൽ സർവ്വീസ് സ്കീം സെല്ലിന് ലഭിച്ചത് 9414125/- (തൊണ്ണൂറ്റി നാല് ലക്ഷത്തി പതിനാലായിരത്തി ഒരുനൂറ്റി ഇരുപത്തഞ്ച്) രൂപയാണ്. |
| (സി) | എൻ.എസ്.എസ് വോളണ്ടിയർമാർക്ക് നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഗ്രേസ് മാർക്ക് എത്രയാണ്; ഗ്രേസ് മാർക്ക് അനുവദിച്ച് നൽകുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ നിയന്ത്രണം നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കാമോ? | (സി) | ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ 240 മണിക്കൂർ റെഗുലർ ആക്റ്റിവിറ്റിയിലും ഒരു സപ്ത ദിന ക്യാമ്പിലും പങ്കെടുക്കുന്ന വോളണ്ടിയർമാർക്ക് രണ്ടു ശതമാനം ഗ്രേസ് മാർക്ക് ലഭിക്കുന്നു. നാഷണൽ ക്യാമ്പിൽ പങ്കെടുക്കുന്ന വോളണ്ടിയർ മാർക്ക് 3% ഗ്രേസ് മാർക്ക് ലഭിക്കുന്നു. സംസ്ഥാന ദേശീയ അവാർഡ് ജേതാക്കൾക്ക് 3% വും, റിപ്പബ്ലിക് ഡേ പരേഡ് ക്യാമ്പിൽ പങ്കെടുത്തവർക്ക് 5% വും, അന്തർദേശീയ ക്യാമ്പിൽ പങ്കെടുത്തവർക്ക് 6% ഗ്രേസ് മാർക്ക് ലഭിക്കും.<br>വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ നാഷണൽ സർവ്വീസ് സ്കീം വാളണ്ടിയർമാർക്ക് 2% (രണ്ടു ശതമാനം) മുതൽ 6%(ആറു ശതമാനം) വരെ ഗ്രേസ് മാർക്കാണ് അനുവദിച്ച് വരുന്നത്. നിലവിൽ ഗ്രേസ് മാർക്ക് അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ